# സമഗ്ര ശിക്ഷാ, കേരളം

## അർധവാർഷിക മൂല്യനിർണയം 2019-20

**A**

## ഗണിതം

സമയം: 2 മണിക്കൂർ

ക്ലാസ് - 3

കുട്ടിയുടെ പേര് ..........................................

വിദ്യാലയത്തിന്റെ പേര് ..........................................

ഡിവിഷൻ ..........................................

രക്ഷിതാവിന്റെ ഒപ്പ് ..........................................


അധ്യാപകന്റെ ഒപ്പ് ..........................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | ഏതെല്ലാം രൂപങ്ങൾ | |
| 2 | ബിൽ പൂർത്തിയാക്കാം | |
| 3 | വിനോദയാത്ര | |
| 4 | ഗ്രൂപ്പുകളാവാം | |
| 5 | കലണ്ടർ നോക്കാം | |
| 6 | പാൽസൊസൈറ്റി | |
| ഓവറോൾ ഗ്രേഡ് | | |

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുൻപ് പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്കു മാത്രം ഉത്തരം എഴുതിയാൽ മതി. പ്രവർത്തനങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരമെഴുതണം.

### പ്രവർത്തനം 1 - ഏതെല്ലാം രൂപങ്ങൾ?

സ്കൂൾ ഗണിതപ്പെട്ടിയിൽ നിന്നും ലഭിച്ച രൂപങ്ങൾ ചേർത്തുവച്ച് വരുൺ തയാറാക്കിയ ചിത്രമാണ് താഴെ കൊടുത്തിരിക്കുന്നത്.



എ) ചിത്രത്തിൽ ഏതെല്ലാം രൂപങ്ങളുണ്ട്?

ബി) ഓരോ രൂപവും എത്ര എണ്ണം വീതമുണ്ട്?

സി) ഇതേപോലെ രൂപങ്ങൾ ചേർത്തുവച്ച് മറ്റൊരു ചിത്രം വരയ്ക്കാമോ?

### പ്രവർത്തനം 2 – ബിൽ പൂർത്തിയാക്കാം

ലേഖയും രമ്യയും അക്ഷരബുക്ക്സ്റ്റാളിൽ നിന്നും ചില സാധനങ്ങൾ വാങ്ങി. ലേഖ വാങ്ങിയ സാധനങ്ങളുടെ ബില്ലാണ് താഴെ കൊടുത്തിരിക്കുന്നത്. വിട്ടുപോയ ഭാഗം പൂർത്തിയാക്കുക.

എ)

**CASH BILL**

**അക്ഷരബുക്ക്സ്റ്റാൾ**

BILL No:169

പേര് : ലേഖ

തീയതി :24.10.2019

| ഇനം | വില | എണ്ണം | ആകെ |
|---|---|---|---|
| സ്കെയിൽ | 8 രൂപ | 6 | ________ |
| റബ്ബർ | 3 രൂപ | 9 | ________ |
| കട്ടർ | 5 രൂപ | 7 | ________ |
| പേന | 9 രൂപ | 4 | ________ |
| | ആകെ | | ________ |


ബി) ലേഖ കടക്കാരന് 200 രൂപയുടെ നോട്ട് നൽകി. കടക്കാരൻ തിരിച്ചു നൽകിയത് എത്ര രൂപയാണ്?

സി) ലേഖ വാങ്ങിയ സാധനങ്ങളിൽ, കട്ടർ ഒഴികെ എല്ലാ ഇനങ്ങളും രമ്യ വാങ്ങി. കട്ടറിനു പകരം രമ്യ, 10 രൂപ വീതം വിലയുള്ള 4 നോട്ടുബുക്കുക ളാണ് വാങ്ങിയത്. രമ്യ കൊടുക്കേണ്ടത് എത്ര രൂപയാണ്?

**പ്രവർത്തനം 3 – വിനോദയാത്ര**


മുടൂർ എൽ.പി സ്കൂളിൽ നിന്നും വിനോദയാത്ര പോകുകയാണ്. നിഹാൽ നേരത്തെ തന്നെ സ്കൂളിലെത്തി.

എ) ക്ലോക്കിൽ നോക്കി എത്തിയ സമയം എഴുതുക.




. . . . . . . . .മണി

കുട്ടികളെല്ലാം എത്തിയശേഷം ബസ്സ് റെയിൽവേ സ്റ്റേഷനിലേയ്ക്ക് പുറപ്പെട്ടു. ക്ലോക്കിൽ നോക്കി പുറപ്പെട്ട സമയം എഴുതുക.



. . . . . . . .മണി. . . . . . . .മിനുട്ട്


ബി) ബസ് റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോൾ നിഹാൽ ക്ലോക്കിൽ നോക്കി. സമയം 9.15. ക്ലോക്കിൽ ഈ സമയം വരച്ചു ചേർക്കൂ.



സി) സ്കൂളിൽ നിന്നും റെയിൽവേ സ്റ്റേഷനിലേക്കുള്ള യാത്രയ്ക്ക് എത്ര സമയം എടുത്തു?

## പ്രവർത്തനം 4 – ഗ്രൂപ്പുകളാവാം

ടീച്ചർ കുട്ടികളെ 5 ഗ്രൂപ്പുകളാക്കി. കുട്ടികളെ മുഴുവനും ഗ്രൂപ്പുകളാക്കിയപ്പോൾ ഓരോ ഗ്രൂപ്പിലും 6 പേർ വീതമുണ്ട്.



എ) ക്ലാസിൽ ആകെ എത്ര കുട്ടികളുണ്ട്?

ബി) 5 കുട്ടികൾ വീതമുള്ള ഗ്രൂപ്പുകളാക്കിയാൽ ആകെ എത്ര ഗ്രൂപ്പുകൾ ഉണ്ടാവും?

സി) താഴെ കൊടുത്ത പാറ്റേൺ പൂർത്തിയാക്കുക.

1) 24, 28, 32, ........, ........., ..........

2) 30, 36, 42, ........, ........., ..........

3) 27, 24, 21, ........, ..........., .........

## പ്രവർത്തനം 5 - കലണ്ടർ നോക്കാം

**2019**
**ഡിസംബർ**
**DECEMBER**

| ഞായർ SUN | തിങ്കൾ MON | ചൊവ്വ TUE | ബുധൻ WED | വ്യാഴം THU | വെള്ളി FRI | ശനി SAT |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 ക്രിസ്തുമസ് | 26 | 27 | 28 |
| 29 | 30 | 31 | | | | |

കലണ്ടർ പരിശോധിച്ച് താഴെ കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

എ) ഈ വർഷത്തെ ക്രിസ്തുമസ് ഏതു ദിവസമാണ്?

ബി) 2019 ഡിസംബർ മാസത്തിൽ എത്ര ചൊവ്വാഴ്ചകളുണ്ട്?

സി) 2020 ജനുവരി 1 ഏതു ദിവസമായിരിക്കും?

ഡി) ഡിസംബർ 9-ന് അർധവാർഷിക പരീക്ഷ ആരംഭിച്ച് 12-ാം ദിവസം അവസാനിക്കും. എന്നാൽ പരീക്ഷ അവസാനിക്കുന്ന ദിവസം ഏത്?

## പ്രവർത്തനം 6 – പാൽസൊസൈറ്റി






പുളിക്കിൽപാറ പാൽസൊസൈറ്റിയിൽ രാമു ദിവസവും 16 ലിറ്റർ പാൽ വീതം നൽകുന്നു. എങ്കിൽ

എ) 2019 നവംബർ മാസത്തിൽ ആകെ എത്ര ലിറ്റർ പാൽ നൽകിയിരിക്കും?

ബി) ഒരു ലിറ്റർ പാലിന് 42 രൂപയാണ് സൊസൈറ്റി നൽകുന്നത്. എങ്കിൽ ഒരു ദിവസം പാൽ നൽകിയ വകയിൽ രാമുവിന് എത്ര രൂപ ലഭിക്കും?

സി) ഡിസംബർ മാസത്തിൽ എല്ലാ ദിവസവും പാൽ കൊടുത്താൽ, അയാൾക്ക് നവംബറിൽ കിട്ടിയതിനെക്കാൾ എത്ര രൂപ കൂടുതൽ കിട്ടും?